©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ഏപ്രിൽ 27<br>27th April 2021<br>1196 മേടം 14<br>14th Medam 1196<br>1943 വൈശാഖം 7<br>7th Vaisakha 1943 | നമ്പർ<br>No. | 17 |

## PART III

# Fisheries Department

### ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) കോഴിക്കോടിന്റെ നടപടിക്രമം

വിഷയം :—ഫിഷറീസ്—സഹകരണം—മീൻതെരുവ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. എഫ് (എം.) 134/93 പ്രവർത്തനം നിർത്തൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :—(1) ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ പൊന്നാനിയുടെ 5-2-2019-ലെ എ. ആർ. എഫ്. 169/15 നമ്പർ കത്ത്

(2) ഈ ആഫീസിലെ 8-5-2019, 17-1-2020 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.

(3) എഫ്.ഡി.ഒ. ഗ്രേഡ്-1 പൊന്നാനിയുടെ 15-2-2021-ലെ എഫ്.ഡി.ഒ./പി. എൻ.ഐ. 134/93 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എഫ്/3064/15 തീയതി 27-3-2021**

മലപ്പുറം ജില്ലയിലെ മീൻതെരുവ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. എഫ്. (എം.) 134/93-ൽ ഭരണസമിതി കാലാവധി 9-8-2015-ൽ അവസാനിച്ചതിനെ തുടർന്ന് സംഘത്തിൽ യാതൊരു ഭരണ സംവിധാനവുമില്ലെന്ന് സൂചന (1) പ്രകാരം ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ പൊന്നാനി റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൽ തുടർ നടപടികൽ സ്വീകരിക്കുന്നതിലേക്കായി 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം പരിശോധന നടത്തുന്നതിന് എഫ്. ഡി. ഒ. ഗ്രേഡ്-1, പൊന്നാനിയെ ചുമതലപ്പെടുത്തികൊണ്ട് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും വകുപ്പ് 65 പരിശോധന റിപ്പോർട്ട് സൂചന (3) പ്രകാരം സമർപ്പിച്ചിട്ടുമുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം സംഘം രേഖകൾ ലഭ്യമല്ലെന്നും സഹ. ഓഡിറ്റ് വിഭാഗം ആർ. എൻ. എ. ലിസ്റ്റിൽപ്പെടുത്തിയ സംഘമാണെന്നും, 1993-ൽ പ്രവർത്തനം തുടങ്ങിയ സംഘം 2 വർഷം പിന്നിട്ടപ്പോൾതന്നെ പ്രവർത്തനം നിർത്തിയെന്നും, സംഘം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ലാത്തതിനാൽ വകുപ്പ് 71 (സി) പ്രകാരം നിർത്തൽ ചെയ്ത് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ലായെന്ന് ബോധ്യമായതിനാൽ 1969 KCS Act വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മീൻതെരുവ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. എഫ്. (എം) 134/93-ൽ വകുപ്പ് 71(2) (ബി) പ്രകാരം പ്രവർത്തനം നിർത്തൽ ചെയ്ത് കൊണ്ടും, വകുപ്പ് 72 പ്രകാരം ലിക്വിഡേറ്റർ ആയി എഫ്. ഡി. ഒ. ഗ്രേഡ്-1 പൊന്നാനിയെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും ചുമതല ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത കാലാവധിയായ രണ്ട് മാസത്തിനുശേഷം സംഘത്തിന്റെ അവസാന സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
ഫിഷറീസ് സഹകരണ സംഘം
രജിസ്ട്രാർ/
ഫിഷറീസ് ജോയിന്റ് ഡയറക്ടർ.
(ഉത്തരമേഖല)

ഫിഷറീസ് ജോയിന്റ്
ഡയറക്ടറാഫീസ്,
കോഴിക്കോട്.